# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 1009 30.09.2016 ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം പോളിഹൗസിനുവേണ്ടി ചെലവഴിച്ച തുക**

| ചോദ്യം<br>**ശ്രീ.ഡി.കെ.മുരളി** | | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
|---|---|---|---|
| എ) | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം പോളി ഹൗസിനു വേണ്ടി 2011-12 മുതൽ 2015-16 വരെ സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു; | എ) | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ -കേരള മുഖാന്തിരം പോളീഹൗസുകൾ സ്ഥാപിക്കുന്നതിനായി 2011-12 മുതൽ 2015-16 വരെ 2608.34 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. പദ്ധതി തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം I ചേർത്തിട്ടുണ്ട്. |
| ബി) | ഈ കാലയളവിൽ എത്ര പോളി ഹൗസുകളാണ് അനുവദിച്ചത്; | ബി) | ഈ കാലയളവിൽ 767 പോളീഹൗസുകൾ അനുവദിച്ചിട്ടുണ്ട്. പദ്ധതി തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം II ചേർത്തിട്ടുണ്ട്. |
| സി) | അതിൽ പ്രവർത്തിക്കുന്നവ എത്രയെന്ന് വ്യക്തമാക്കുമോ; | സി) | ഇതിൽ 721 പോളീഹൗസുകളിൽ നിലവിൽ കൃഷി ചെയ്തുവരുന്നു. |
| ഡി) | ഇതിന്റെ വിജയപരാജയങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | ഡി) | സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ഹൈടെക് കൃഷി രീതിയുടെ വിജയപരാജയങ്ങളുടെ വിലയിരുത്തൽ കേരളകാർഷിക സർവ്വകലാശാലയുടെ കർഷക സാന്ത്വനം ടീം നടത്തിയിട്ടുണ്ട്. നാളിതുവരെ സംസ്ഥാനത്ത് ഹൈടെക് ഫാമിംഗ് വിജയകരമായി ചെയ്യുന്ന കർഷകർക്ക് മികച്ച വിളവും അതിലൂടെ മികച്ച വരുമാനവും കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം I

| പദ്ധതി | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | ആകെ |
|---|---|---|---|
| | തുക ലക്ഷം രൂപയിൽ | | |
| ഹൈടെക് ഫാമിംഗ് | 776.01 | 1273.72 | 2049.73 |
| രാഷ്ട്രീയ കൃഷി വികാസ് യോജന | 389.97 | - | 389.97 |
| പച്ചക്കറി വികസന പദ്ധതി | 168.64 | - | 168.64 |
| ആകെ | 1334.62 | 1273.72 | 2608.34 |

സെക്ഷൻ ഓഫീസർ

# അനുബന്ധം II

| പദ്ധതി | പോളീഹൗസുകളുടെ എണ്ണം |
| --- | --- |
| ഹൈടെക് ഫാമിംഗ് | 521 |
| രാഷ്ട്രീയ കൃഷി വികാസ് യോജന | 111 |
| പച്ചക്കറി വികസന പദ്ധതി | 135 |
| ആകെ | 767 |

S. [signature]

**സെക്ഷൻ ഓഫീസർ**